**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമ പഞ്ചായത്തിന് മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1582/2019/ത.സ്വ.ഭ.വ          തിരുവനന്തപുരം, തീയതി, 26.07.2019.

---

പരാമർശം - 1) ചിറക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.12.2017 -ലെ 192/17-ാം നമ്പർ തീരുമാനം.

2) ചിറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.02.2018, 05.01.2019 തീയതികളിലെ A4-2693/2017 നമ്പർ കത്തുകൾ.

3) കണ്ണൂർ ജില്ലാ കളക്ടറുടെ 02.04.2018 -ലെ സി1/DCKNR/71/2018/C1 നമ്പർ കത്ത്.

4) പഞ്ചായത്ത് ഡയറക്ടറുടെ 20.11.2018- ലെ PAN/20778/C2(DP) നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി ചിറക്കൽ അംശം പുഴാതി ദേശം റീ സർവ്വേ 105/4 -ൽപ്പെട്ട 20 സെന്റ് സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് ചിറക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി പരാമർശം (1) പ്രകാരം തീരുമാനിച്ച് ഭരണാനുമതിക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ കളക്ടർ മുഖേന പരാമർശം (2,3) പ്രകാരം സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു .

2) മാലിന്യ സംസ്കരണത്തിനായി പഞ്ചായത്ത് കണ്ടെത്തിയ ഭൂമി ചരിവുള്ളതും പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയുടെ തറനിരപ്പിലേയ്ക്ക് ഉയർത്തിയും നിലവിലുള്ള നീർച്ചാലിന് മുകളിൽ കൂടി സ്ലാബ് പാകി തടസ്സരഹിതമായി ജല നിർഗ്ഗമനം സാദ്ധ്യമാക്കിയും മാലിന്യ സംസ്കരണത്തിന് ഉപയോഗിക്കാവുന്നതാണെന്ന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വാങ്ങുന്നതിനായി തനത് ഫണ്ട് ഉപയോഗിച്ച് ഒരു കോടി രൂപയുടെ പ്രൊജക്റ്റ് 2017-18 സാമ്പത്തിക വർഷം രൂപീകരിച്ചിട്ടുണ്ടെന്നും, ആയതിന് ഡി. പി. സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ആയത് 2019-20 സാമ്പത്തിക വർഷത്തിലും സ്പിൽ ഓവർ പ്രോജക്ടായി തുടരുന്നുണ്ടെന്നും ചിറക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനായി ചിറക്കൽ അംശം പുഴാതി ദേശം റീസർവ്വേ 105/4 -ൽപ്പെട്ട 20 സെന്റ് സ്ഥലം 2013 -ലെ ലാൻഡ്

അക്വിസിഷൻ ആക്റ്റ് പ്രകാരം ഏറ്റെടുക്കുന്നതിന് ചിറക്കൽ ഗ്രാമ പഞ്ചായത്തിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
**മദീന ബീഗം. എ**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചിറക്കൽ ഗ്രാമപഞ്ചായത്ത്.
ജില്ലാ കളക്ടർ , കണ്ണൂർ.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ